**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **23-02-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ചട്ടങ്ങളിൽ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് ഉൾപ്പെടെ വിവിധ സഹകരണ സംഘങ്ങളിൽ നടന്ന വായ്പാ തട്ടിപ്പുകളുടെ അടിസ്ഥാനത്തിൽ സഹകരണ ചട്ടങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ; | (എ) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നു വരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്ര നിയമ പരിഷ്കരണത്തിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് രൂപീകരിച്ച കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കരട് ഭേദഗതി നിർദ്ദേശങ്ങളിൽ തുടർചർച്ചകൾ നടത്തി സഹകരണ സംഘം നിയമം ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എല്ലാ വായ്പാ സഹകരണ സംഘങ്ങളിലും പ്രൊഫഷണൽ ഡയറക്ടർമാരെ നിയമിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (ബി) | കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 28 (1 ജി) യിൽ സംഘത്തിന്റെ ഉപനിബന്ധനകളിൽ എന്തൊക്കെ പറഞ്ഞിരുന്നാലും, നിലവിൽ ഭരണത്തിലുള്ള കമ്മറ്റിയ്ക്ക്, ബാങ്കിംഗ് മേഖല, ഭരണ കൈകാര്യം, സാമ്പത്തിക അല്ലെങ്കിൽ മറ്റു മേഖലകളിലെ വിദഗ്ധർ, സഹകരണ മേഖലയുടെ പ്രവർത്തനങ്ങളുമായി പ്രവർത്തിച്ചും, ഏറ്റെടുത്തും നടത്തപ്പെട്ട രണ്ടുപേരെ ആ സംഘത്തിന്റെ കമ്മറ്റിയിലേക്കു തെരഞ്ഞെടുക്കാവുന്നതാണെന്നും, എന്നാൽ അപ്രകാരം തെരഞ്ഞെടുത്ത രണ്ടിൽ അധികരിക്കാത്ത അംഗങ്ങൾ ഉപവകുപ്പ് (1എ) യിൽ പറഞ്ഞിട്ടുള്ള പരിധിയിൽ അധികരിക്കാവുന്നതല്ലായെന്നും, എന്നാൽ അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക്, സംഘത്തിലെ ഏതെങ്കിലും തെരഞ്ഞെടുപ്പിന് അപ്രകാരമുള്ള ഒരു അംഗമെന്ന നിലയിൽ വോട്ടു ചെയ്യുന്നതിനോ ഭരണ സമതിയിലെ ഔദ്യോഗിക |

| | | | |
|---|---|---|---|
| | | | സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടവാനോ അവകാശമോ യോഗ്യതയോ ഉണ്ടായിരിക്കുകയില്ലായെന്നും സംഘത്തിൽ അപ്രകാരം തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഭരണസമിതിയിൽ ഉണ്ടെങ്കിലും, ഉപവകുപ്പ് (1എ) യ്ക്ക് വിധേയമായി ഭരണ സമിതി അംഗങ്ങളുടെ എണ്ണത്തിൽപ്പെട്ടുത്താവുന്നതല്ലായെന്നും നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. |
| (സി) | സഹകരണ സംഘങ്ങളിലൂടെയുള്ള വായ്പാ തട്ടിപ്പുകൾ തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണ സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്ന പക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ |

| | | | |
|---|---|---|---|
| | | | മുക്ക പണ്ടങ്ങൾ ഉൾപ്പെടെയുള്ള സ്വർണ്ണപ്പണയ ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ ടി ക്രമക്കേടുകൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടുകൾ പരിശോധിക്കുന്നത് സംബന്ധിച്ചും സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധിയിൽപെട്ട സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/ വിശദ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധികാരപരിധിയിൽ പ്രത്യേക വിശദ പരിശോധനകളും നടത്തി വരുന്നു. സഹകരണ ആഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണ വിഭാഗത്തെ അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ചും സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വർദ്ധിച്ചുവരുന്ന സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ